(സി)

ഫാമിന്റെ പേര്	ഭൂമിയുടെ വിസ്തീർണ്ണം (ഏക്കർ)	ഉപയോഗിച്ചു വരുന്ന ഭൂമി (ഏക്കർ)	തരിശായിട്ടിരിക്കുന്ന ഭൂമി
ജില്ലാകന്നുകാലി വളർത്തൽ കേന്ദ്രം, കുടപ്പനക്കുന്ന്	30.9	30.9	ഇല്ല
ജഴ്സി ഫാം, വിതുര	200	200	ഇല്ല
ജഴ്സി ഫാം എക്സ്റ്റൻഷൻ യൂണിറ്റ്, ചെറ്റച്ചൽ	58	58	ഇല്ല
ബഫല്ലോ ബ്രീഡിംഗ് ഫാം, കുരിയോട്ടുമല	161	161	ഇല്ല
ആടുവളർത്തൽ കേന്ദ്രം, പാറശ്ശാല	5	5	ഇല്ല
ആടുവളർത്തൽ കേന്ദ്രം, അട്ടപ്പാടി	42	42	ഇല്ല
ആടുവളർത്തൽ കേന്ദ്രം, കൊമേരി	12.17	12.17	ഇല്ല
കന്നുകാലി ഫാം, ബദിയഡുക്ക	6	6	ഇല്ല

(ഡി) അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു.*

(ഇ) അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു.*

(എഫ്) അനുബന്ധം (സി) ആയി ചേർത്തിരിക്കുന്നു.*

കെപ്കോ വഴിയുള്ള കോഴിമുട്ട വിൽപ്പന

231 (3518) ശ്രീ. എം. ഉമ്മർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെപ്കോയുടെ കൗണ്ടർ വഴി പൊതുജനങ്ങൾക്ക് കോഴിമുട്ട വിൽപ്പന നടത്തുന്നുണ്ടോ ; ഉണ്ടെങ്കിൽ മുട്ടയുടെ വില, കൗണ്ടർ പ്രവർത്തിക്കുന്ന സമയം എന്നിവ സംബന്ധിച്ച വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത കൗണ്ടറിലൂടെയുള്ള വില്പന ഏതെല്ലാം കേന്ദ്രങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) തിരുവനന്തപുരം പേട്ടയിലുള്ള കെപ്കോയുടെ ഹെഡ് ഓഫീസിലെ കൗണ്ടറിൽ നിന്നും സ്റ്റോക്ക് നിലവിലിരിക്കെ പൊതുജനങ്ങൾക്ക് മുട്ട വിൽപ്പന നടത്തുന്നില്ല എന്ന പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(ഡി) കെപ്കോയുടെ പ്രസ്തുത ഓഫീസിൽ ഉൽപന്ന വിപണനം സുഗമമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. കോഴിമുട്ടകളെ തരംതിരിച്ച് ഓരോന്നിന്റെയും ഭാരം അനുസരിച്ചാണ് വില നിർണ്ണയിക്കുന്നത്. നിലവിലുള്ള വില നിലവാരം താഴെച്ചേർത്തിരിക്കുന്നു.

44 ഗ്രാമിന് താഴെ ഭാരമുള്ളത്	-	3 രൂപ
45 ഗ്രാമിനും 55 ഗ്രാമിനും മധ്യേ	-	4 രൂപ
56 ഗ്രാം മുതൽ 75 ഗ്രാം വരെ	-	5 രൂപ
76 ഗ്രാം മുതൽ 90 ഗ്രാം വരെ	-	6 രൂപ
90 ഗ്രാമിനു മുകളിൽ ഭാരമുള്ളത്	-	7 രൂപ

കൗണ്ടറിന്റെ പ്രവർത്തന സമയം രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെ.

(ബി) കെപ്കോയുടെ പേട്ടയിലെ പ്രധാന കൗണ്ടറിലൂടെയാണ് മുട്ട വില്പന നടത്തുന്നത്.

(സി) രേഖാമൂലം പരാതി ലഭിച്ചിട്ടില്ല.

(ഡി) കെപ്കോയുടെ പ്രധാന കൗണ്ടറിലൂടെ സുഗമമായ വിപണനമാണ് ഇപ്പോൾ നടക്കുന്നത്.

ചാലക്കുടി വെറ്ററിനറി ആശുപത്രി പോളി ക്ലിനിക്കായി ഉയർത്താൻ നടപടി

232 (3519) ശ്രീ. ബി. ഡി. ദേവസ്സി : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി വെറ്ററിനറി ആശുപത്രി, ആവശ്യമായ സ്റ്റാഫ്, ലാബ് സൗകര്യങ്ങളോടുകൂടി പോളി ക്ലിനിക്കായി ഉയർത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly